# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1557 — 07.06.2018-ൽ മറുപടിക്ക്

### തലശ്ശേരി മണ്ഡലത്തിലെ മത്സ്യബന്ധന മേഖലയുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ. എൻ. ഷംസീർ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) | |
| ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി എന്തൊക്കെ കാര്യങ്ങൾ ആണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി ഏർപ്പാടാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. തലായ് മത്സ്യബന്ധന തുറമുഖ പദ്ധതിയുടെ ഭാഗമായ ഗ്രോയിൻ നിർമ്മാണം, ഡ്രഡ്ജിംഗ് പ്രവൃത്തി, യാർഡ് ഫില്ലിംഗ്, ഡ്രെയിൻ നിർമ്മാണം, ഇന്റേണൽ റോഡ്, ചുറ്റുമതിൽ രണ്ടാംഘട്ടം, ഗിയർഷെഡ്, നെറ്റ്മെന്റിംഗ് ഷെഡ്, വർക്ക്ഷോപ്പ്, പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, വൈദ്യുതീകരണം എന്നീ ഘടകങ്ങൾ ഏർപ്പാടാക്കി പ്രവൃത്തി പൂർത്തീകരിച്ചു. ടി പദ്ധതി 18.05.2018 ന് കമ്മീഷൻ ചെയ്തു.<br>2. തീരദേശ റോഡുകളുടെ പുനരുദ്ധാരണം | |
| | | പ്രവൃത്തി | ഇപ്പോഴത്തെ അവസ്ഥ |
| | 1 | തലശ്ശേരി മുനിസിപ്പാലിറ്റിയിലെ ഓലേശ്വരം നെട്ടൂർ തെരു റോഡ് നവീകരണം | പ്രവൃത്തി പൂർത്തീകരിച്ചു |
| | 2 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം-ഫിഷ് ലാന്റിംഗ് സെന്റർ റോഡ് നവീകരണം | പ്രവൃത്തി പൂർത്തീകരിച്ചു |
| | 3 | ഒളവിലം പാത്തിക്കൻ മോന്താൽ കടവ് റോഡ് ഫേസ് -1 | പ്രവൃത്തി പൂർത്തീകരിച്ചു |
| | 4 | പാത്തിക്കൻ മോന്താൻ കടവ് റോഡ് ഫേസ്-2 | പ്രവൃത്തി പൂർത്തീകരിച്ചു |
| | 5 | തലായ് ഹാർബറിനെയും ചാലിൽ ഗോപാലപേട്ട ഫിഷ്ലാന്റിംഗ് സെന്ററിനെയും ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് | പ്രവൃത്തി 20% പൂർത്തീകരിച്ചു |
| | 6 | ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ പരിമഠം സിക്കന്തർ ക്ലബ്-പ്രസ്സ് വളപ്പ് റോഡ് | പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതിനെ തുടർന്ന് പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ